# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.376
# 04/02/2020 ലെ മറുപടിക്ക്

## പാറശ്ശാല മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി

| നം.376 | ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ : | ഉത്തരം<br>ഡോ. തോമസ് ഐസക്<br>(ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ടൗൺ ഹാൾ നിർമ്മാണം (ഫയൽ നം. 1378941), ആനാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നിർമ്മാണം ( ഫയൽ നം. 1419678) എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; അറിയിക്കാമോ; | 2019-20 വർഷത്തിലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II ക്രമ നം.699 ൽ ഉൾപ്പെട്ടതും 2 കോടി രൂപ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയിട്ടുള്ളതുമായ പാറശ്ശാല നിയോജക മണ്ഡലത്തിലെ 'കള്ളിക്കാട് ടൗൺ ഹാൾ നിർമ്മാണം' എന്ന പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയത് ഭരണാനുമതി അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി (ഇ. നം.1334578) ഫയൽ നം LSGD-DB2/292/2019-LSGD പ്രകാരം ഭരണവകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളത് പരിശോധിച്ച് പ്രതിപാദ്യ പദ്ധതി ബഹുമാനപ്പെട്ട എം എൽ. എ. ശിപാർശ ചെയ്ത പദ്ധതിയാണോയെന്നും മറ്റേതെങ്കിലും സമാന പദ്ധതികൾ അംഗീകാരം നേടി പോയിട്ടുണ്ടോ എന്നതിൽ വ്യക്തത വരുത്തി ഫയൽ അടിയന്തിരമായി പുന:സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ധനകാര്യ (ഡെവലപ്മെന്റ് വിംഗ്) വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഫയൽ പുന:സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നല്കുന്നതിനാവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തര പ്രാധാന്യത്തോടെ ഭരണാനുമതി ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | |

| | | |
|---|---|---|
| | | ആനാവൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച വിഷയം (EDN – B1/34/2020-FIN ഫയൽ) നിലവിൽ ധനകാര്യ(വിദ്യാഭ്യാസ-ബി) വകുപ്പിന്റെ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**